പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 996.

02.12.2015 ന് മറുപടിയ്ക്ക്.

സ്കിൽ ഡെവലപ്മെന്റ് മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ടി.എൻ. പ്രതാപൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ് മെന്റ് മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | (എ) യും (ബി) യും സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിച്ച് നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 28.03.2012 ൽ സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചു ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE – ന്റെ ലക്ഷ്യം, |
| (സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ ഓയിൽ & റിഗ്, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓട്ടോമോട്ടീവ്, മൾട്ടി സ്കിൽ, സെക്യൂരിറ്റി (ഇന്റർനാഷണൽ), ഹോസ്പിറ്റാലിറ്റി, റീട്ടെൽ, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ |

നടക്കുകയാണ്. ബാങ്കിംഗ് & ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ് എന്നീ മേഖലകളിൽ കെയ്സ് അക്രെഡിറ്റെഡ് കോഴ്സുകൾ ആരംഭിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE) ന്റെ യും സെക്യൂരിറ്റി മേഖലയിൽ National Centre for Advanced Training in security (CAT) യുടെയും സെന്ററുകൾ പ്രവർത്തന മാരംഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ